## ശമ്പളപരിഷ്കരണം

**126 (466)** <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കീഴ്ഴക്കങ്ങളനുസരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളം പരിഷ്കരിക്കുവാനുള്ള തീയതി എന്നാണ് ; ആയതിനു വേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വരേണ്ട തീയതി മുതൽക്കാണ് ഇടക്കാലാശ്വാസം നൽകേണ്ടത് എന്ന് ഏതെങ്കിലും തരത്തിലുള്ള കീഴ്ഴക്കം ഉണ്ടോ ; 20% ഇടക്കാലാശ്വാസം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സംഘടനകൾ നിലവിൽ നിവേദനം നൽകിയിട്ടുണ്ടെന്നറിയിക്കുമോ ; ഇവർക്ക് നൽകിയിട്ടുള്ള മറുപടികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) വിലക്കയറ്റംമൂലം ജീവിതച്ചെലവ് അസാധാരണമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ടതായ തീയതി മുതൽ പ്രാബല്യത്തിൽ ഇടക്കാലാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കീഴ്ഴക്കങ്ങളനുസരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളം പരിഷ്കരിക്കുവാനുള്ള തീയതി 1-7-2014 മുതലാണ്. ശമ്പളപരിഷ്കരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിന് 30-11-2013-ലെ സ.ഉ.(എം.എസ്.) നം.583/2013/ധന പ്രകാരം പത്താം ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ടി കമ്മീഷന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) ശമ്പളപരിഷ്കരണം പ്രാബല്യത്തിൽ വരേണ്ട തീയതി മുതൽക്കാണ് ഇടക്കാലാശ്വാസം നൽകേണ്ടത് എന്ന കീഴ്ഴക്കം ഇല്ല. 20% ഇടക്കാലാശ്വാസം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു സംഘടനയും നിലവിൽ നിവേദനം നൽകിയിട്ടില്ല.

(സി) യുക്തമായ സമയത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly